വനംമാഫിയയെ നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ

23 (*473) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം മാഫിയയെ നേരിടുന്നതിനും കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വാളയാർ ചന്ദന മോഷണകേസ് സംബന്ധിച്ച സി.ബി.ഐ. അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) വനമേഖലകൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി ഈ സർക്കാർ വന സംരക്ഷണ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനംമാഫിയയെ നേരിടുന്നതിനും വനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുമായി ഡോഗ് സ്ക്വാഡ് രൂപീകരണം, പങ്കാളിത്ത വന പരിപാലനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി കൂടുതൽ വി.എസ്.എസ്./ ഇ.ഡി.സി./എഫ്.ഡി.എ. എന്നിവയുടെ രൂപീകരണം, അന്തർ സംസ്ഥാന കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലെ വനം വകുപ്പു മായുള്ള സഹകരണം മെച്ചപ്പെടുത്തൽ, വന മേഖലയിലെ കഞ്ചാവ് കൃഷി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, വന മേഖലയിലെ വ്യാജവാറ്റ് നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, വനം കയ്യേറ്റം തടയൽ, ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതമാക്കൽ എന്നീ നടപടികളാണ് ഈ സർക്കാർ പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്.

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി കൂടുതൽ വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, വനവികസന ഏജൻസികൾ, വനശ്രീ എന്നിവ രൂപീകരിച്ചു. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ പരമാവധി വനസംരക്ഷണ സമിതികൾ മുഖേനയാക്കി. വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളുടെ നടത്തിപ്പ് വനസംരക്ഷണ സമിതികളുടെയും ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളുടെയും പങ്കാളിത്തത്തോടെയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(സി) വാളയാർ ചന്ദന മോഷണ കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) വനമേഖലകൾ നേരിടുന്ന വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമായി ഉന്നത വനം ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായ ഇടവേളകളിൽ കൂടാറുണ്ട്. വനസംരക്ഷണ സമിതികളുടെ ഒരു സംഗമം 12-5-2008-ൽ തൃശൂരിൽ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന വനവികസന ഏജൻസിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് 3-6-2010-ൽ വനവികസന സമിതിയുടെ ഒരു സംഗമം തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കൂടാതെ ഡിവിഷൻ തലത്തിൽ വനവികസന സമിതികളും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും ഇടയ്ക്കിടയ്ക്ക് വിളിച്ച് ചേർത്ത് വനസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ച നടത്തുകയും ചെയ്തുവരുന്നു.

പായ്ക്ക് ചെയ്ത ആഹാരസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് നടപടി

24 (*474) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ വിശദമാക്കുമോ ;

(ബി) ബ്രഡ്ഡും അതുപോലുള്ള ഭക്ഷ്യവസ്തുക്കളും പ്ലാസ്റ്റിക് നൂലുപയോഗിച്ച് കെട്ടി വിപണനം നടത്തുന്നതുമൂലം പൂപ്പൽ ബാധയുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടി സുരക്ഷിതമായ പായ്ക്കിംഗ് നിഷ്ക്കർഷിച്ച് നിർദ്ദേശം നൽകുമോ ;

(ഡി) ബ്രഡ്ഡിന്റെയും അതുപോലുള്ള ഭക്ഷ്യവസ്തുക്കളുടെയും പായ്ക്കറ്റിൽ നിർമ്മിച്ച തീയതിയും ഉപയോഗകാലാവധിയും വ്യക്തമായി രേഖപ്പെടുത്തുന്നില്ലെന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഈ വിവരങ്ങൾ വലിപ്പത്തിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

(എ) സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന പായ്ക്ക് ചെയ്ത ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 1954-ലെ ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമ പ്രകാരം കമ്മീണർ ഓഫ് ഫുഡ് സേഫ്റ്റിയുടെ കീഴിൽ 14 ജില്ലകളിലും ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസ് നിലവിൽ ഉണ്ട്. ഈ ഓഫീസിന്റെ കീഴിലുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിന്ന് ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly